**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1311** **15-10-2026-ൽ മറുപടിയ്ക്ക്**

**മോട്ടൽ ആരാം പദ്ധതിയ്ക്ക് സബ് ലീസ് അനുവദിക്കുന്നത്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** വാമനപുരം ഇറിഗേഷൻ പ്രോജക്റ്റിന്റെ ഭാഗമായ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നെടുമങ്ങാട് വില്ലേജിൽപ്പെട്ട 1.53 ഏക്കർ ഭൂമി മോട്ടൽ ആരാം നിർമ്മാണത്തിനായി ടൂറിസം വകുപ്പിന് ഉപയോഗാനുമതി നൽകി സർക്കാർ ഉത്തരവായിരുന്നുവെന്നും പ്രസ്തുത ഭൂമിയിൽ 9.5 കോടിയോളം രൂപ ചെലവഴിച്ച് ടൂറിസം വകുപ്പ് മോട്ടൽ ആരാം നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചുവെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാൽ, പ്രസ്തുത ഭൂമി ഉപപാട്ടത്തിന് നൽകാൻ പാടുള്ളതല്ല എന്ന നിബന്ധന (സ.ഉ.(സാധാ) നം.1476/2023/ആർ.ഡി.തീയതി 10/04/2023) കാരണം ടൂറിസം വകുപ്പിന് പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പിനായി ഉപപാട്ടം നൽകാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ;

__മറുപടി:__ മോട്ടൽ ആരാം നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് 36 ൽ റീസർവേ 438/10, 438/11 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട 61.95 ആർ (1.53 ഏക്കർ) ഭൂമി, മോട്ടൽ ആരാം നിർമ്മാണത്തിനായി വിനോദ സഞ്ചാര വകുപ്പിന് ഉപയോഗാനുമതി നൽകി 10.04.2023 ലെ സ.ഉ(സാധാ) 1476/2023/RD നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും, ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി ടൂറിസം വകുപ്പിന് കൈമാറി നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി ഭൂമി ഉപപാട്ടത്തിനോ തറവാടകയ്ക്കോ അനുവദിക്കരുതെന്ന് വ്യവസ്ഥ നിലവിലുള്ളതിനാൽ പദ്ധതിയുടെ നടത്തിപ്പും തുടർപരിപാലനവും മറ്റൊരു ഏജൻസി മുഖേന നടപ്പാക്കുന്നതിന് സാധിക്കുന്നതല്ലെന്നും, സർക്കാർ ഉത്തരവിലെ വ്യവസ്ഥയിൽ ഭേദഗതി വരുത്തി ഭൂമി ഉപപാട്ടത്തിന് അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും ടൂറിസം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് പാട്ട വ്യവസ്ഥയിൽ ഇളവ് അനുവദിച്ചുകൊണ്ട് 29/09/2026 ലെ സ.ഉ(സാധാ)നം.1940/2026/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

**(ബി)** പദ്ധതി നടത്തിപ്പ് സാധ്യമാക്കുന്നതിനായി ഉപപാട്ട വ്യവസ്ഥയിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ടൂറിസം വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് കത്ത് ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയൽ നമ്പർ ലഭ്യമാക്കുമോ; പ്രസ്തുത അപേക്ഷയിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

__മറുപടി:__ ഉപപാട്ട വ്യവസ്ഥയിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള വിനോദ സഞ്ചാര വകുപ്പിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന് ഭൂമി കൈമാറി നൽകിയ 10/04/2023 ലെ സ.ഉ.(സാധാ) 1476/2023/RD നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(a) യിലെ

"ഭൂമി ഉപപാട്ടത്തിന് നൽകാനോ, തറവാടകയ്ക്ക് അനുവദിക്കാനോ, അന്യാധീനപ്പെടുത്താനോ, ദുരുപയോഗം ചെയ്യാനോ, പണയപ്പെടുത്തുവാനോ പാടുള്ളതല്ല" എന്ന വ്യവസ്ഥ "ഉപപാട്ടം അനുവദിക്കേണ്ട വ്യക്തിയുടെ/ സ്ഥാപനത്തിന്റെ വിവരം ലഭ്യമാകുന്ന മുറയ്ക്ക് പാട്ടത്തിനു അനുവദിക്കുന്നതാണ്" എന്ന് ഭേദഗതി വരുത്തി 29/09/2026 ലെ സ.ഉ. (സാധാ) 1940/2026/റവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.)

**(സി)** സമയബന്ധിതമായി പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് നേരിടുന്ന പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നം. 36 ൽ റീസർവ്വെ നം. 438/10, 438/11 എന്നിവയിൽപ്പെട്ട 1.53 ഏക്കർ ഭൂമി മോട്ടൽ നിർമ്മിക്കുന്നതിനായി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി വിനോദ സഞ്ചാര വകുപ്പിന് ഉപയോഗാനുമതി നൽകിയ ഉത്തരവ്- ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(സാധാ) നം.1940/2026/RD തീയതി,തിരുവനന്തപുരം, 29-09-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1476/2023/RD തീയതി, തിരുവനന്തപുരം, 10.04.2023.
2. വിനോദ സഞ്ചാര വകുപ്പ് അദ്ധ്യക്ഷൻ, വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയിക്ക് സമർപ്പിച്ച 31.10.2025 ലെ DOT/1502/2024-P6 നം കത്ത്.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 04.03.2026 ലെ LR/1717/2026-LR(K2) നം കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നം. 36 ൽ റീസർവ്വെ നം. 438/10, 438/11 എന്നിവയിൽപ്പെട്ട 1.53 ഏക്കർ ഭൂമി മോട്ടൽ നിർമ്മിക്കുന്നതിനായി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി വിനോദ വകുപ്പിന് ഉപയോഗാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പ്രസ്തുത ഉത്തരവിലെ, ഖണ്ഡിക 3 ലെ (a) നിബന്ധന പ്രകാരം, പദ്ധതിക്കായി ഉപയോഗാനുമതി ലഭിച്ച ഭൂമി ഉപപാട്ടത്തിനോ തറവാടകയ്ക്കോ അനുവദിക്കരുതെന്ന വ്യവസ്ഥ നിലവിലുള്ളതിനാൽ പ്രസ്തുത ഭൂമിയുടെ നടത്തിപ്പും തുടർപരിപാലനവും മറ്റൊരു ഏജൻസി മുഖേന നടപ്പാക്കുന്നതിന് ബുദ്ധിമുട്ടാണെന്നും സർക്കാർ വരുമാനമുണ്ടാകും വിധം കാര്യക്ഷമമായ രീതിയിൽ പദ്ധതിയുടെ നടത്തിപ്പും തുടർപരിപാലനവും പൊതു-സ്വകാര്യ പങ്കാളിത്ത മോഡലിൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവിലെ വ്യവസ്ഥയിൽ ഭേദഗതി വരുത്തി ഭൂമി ഉപപാട്ടത്തിന് അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും, ശേഷിക്കുന്ന ഫിനിഷിംഗ് പ്രവൃത്തികൾ പൂർത്തിയാകാതെ തന്നെ, ടെൻഡർ ക്ഷണിക്കുന്നതും തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസിയാണ് ഫിനിഷിംഗ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതെന്ന വ്യവസ്ഥയിൽ ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണെന്നും തുടർനിർദ്ദേശങ്ങൾ നൽകണമെന്നും പരാമർശം 2

പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ച പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 3 (a) യിലെ ''ഭൂമി ഉപപാട്ടത്തിന് നൽകാനോ, തറവാടകയ്ക്ക് അനുവദിക്കാനോ, അന്യാധീനപ്പെടുത്താനോ, ദുരുപയോഗം ചെയ്യാനോ, പണയപ്പെടുത്തുവാനോ പാടുള്ളതല്ല'' എന്ന വ്യവസ്ഥ, ''ഉപപാട്ടം അനുവദിക്കേണ്ട വ്യക്തിയുടെ/സ്ഥാപനത്തിന്റെ വിവരം ലഭ്യമാകുന്ന മുറയ്ക്ക് റവന്യൂ വകുപ്പ് മുഖേന പാട്ടത്തിനു അനുവദിക്കുന്നതാണ്' ' എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശേഷിക്കുന്ന ഫിനിഷിംഗ് പ്രവൃത്തികൾ പൂർത്തിയാകാതെ തന്നെ, ടെൻഡർ ക്ഷണിക്കുന്നതും തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസിയാണ് ഫിനിഷിംഗ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതെന്ന വ്യവസ്ഥയിൽ ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. ഈ ഉത്തരവ് പുറപ്പെടുവിച്ച് മൂന്ന് മാസത്തിനുള്ളിൽ മോട്ടൽ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

4. മേൽ ഭേദഗതികളോടെ പരാമർശം 1 ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, തിരുവനന്തപുരം
ടൂറിസം (എ) വകുപ്പ്
ജലവിഭവ (ഐ.ആർ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :
1) ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2) ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3) ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4) റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
5) റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്